കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

# 2018-2019

# ഓഡിറ്റ് റിപ്പോർട്ട്


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.lfa.kerala.gov.in

e-mail : doekm.ksad@kerala.gov.in


**(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ/ഇ.കെ.എം.(പി.11) 15/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം ജില്ല
തീയതി. 03.03.2020

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഇ.കെ.എം.(പി.11) 15/2020 തീയതി : 03.03.2020

## എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2018 മുതൽ 31-03-19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | വിനോദ് .കെ.കെ. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 20.12.2019മുതൽ 01.01.2020 വരെ | ശ്രീ.സുരേഷ്.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.സന്തോഷ് കുമാർ കെ.വി., അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സെറീന പി.എ., സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീ സന്തോഷ് കുമാർ എം., ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. മിനി എൽദോ | 01.04.2018മുതൽ 31.03.2019വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. സന്തോഷ് .ടി.കെ | 01.04.2018മുതൽ 31.03.2019 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | സിമി.എസ്. | 01.04.2018മുതൽ 31.03.2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ടി.ആർ. ഷേർളി | 01.04.2018മുതൽ 31.03.2019 വരെ |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സിൽവി .കെ.ഡി | 01.04.2018മുതൽ 31.03.2019 വരെ |
| 5 | വി.ഇ.ഒ കരിയാട് വി.ഇ.ഒ മേക്കാട് | സുധ എം.എ. | 01.04.2018മുതൽ 31.03.2019 വരെ |
| | | ജിസ്ന ടി.ദിനകരൻ | 01.04.2018മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ബെറ്റി ആന്റണി | 01.04.2018മുതൽ 31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മിനി കർത്ത | 01.04.2018മുതൽ 31.03.2019 വരെ |
| 8 | ഹെഡ് മാസ്റ്റർ | പി.ബി സത്യൻ | 01.04.2018മുതൽ 31.03.2019 വരെ |
| 9 | അസി. എൻജിനീയർ | സീജ.കെ.കെ | 01.04.2018മുതൽ 31.03.2019 വരെ |
| 10 | അസി. സെക്രട്ടറി | സുരേഷ് എസ്.പി | 01.04.2018മുതൽ 31.03.2019 വരെ |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ട്രീസ തോമസ് | 01.04.2018മുതൽ 31.03.2019 വരെ |
| 12 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ . വിദ്യ | 01.04.2018മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി-അപാകതകൾ | 1-12 |
| 13 | വസ്തു നികുതി അപാകതകൾ | 1-13 |
| 14 | സബ്സിഡി അധിക നിരക്കിൽ നൽകി | 1-14 |
| 15 | വിനിയോഗസാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ചെലവ് തുക 2223000/- രൂപ തടസ്സപ്പെടുത്തുന്നു | 1-15 |
| 16 | വ്യക്തിഗത ആനുകൂല്യം സംബന്ധിച്ച പരാതി - തീർപ്പാക്കിയതിലെ അപാകത | 1-16 |
| 17 | ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-17 |
| 18 | ശൗചാലയത്തിന് കുഴൽക്കിണർ - പദ്ധതി പൂർത്തീകരിക്കാത്ത തിനാൽ പദ്ധതി തുക 45000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 19 | ലൈസൻസ്-ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പാക്കിയില്ല. | 1-19 |
| 20 | പൊതു ടാപ്പുകളുടെ വെള്ളക്കരം – വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-20 |
| 21 | വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപാകതകൾ | 2-1 |
| 22 | ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരൻ എടുത്ത മണ്ണിന്റെ വില | 3-1 |

| | | |
|---|---|---|
| | കുറവു ചെയ്തിട്ടില്ല -നഷ്ടം 6364/- | |
| 23 | അളവ് രേഖപ്പെടുത്തിയതിലെ അപാകം അധികം നൽകാനിടയാക്കി - അധികം നൽകിയത് 13963-/- | 3-2 |
| 24 | ടെണ്ടറിലും കരാറിലും കാണിച്ചിരിക്കുന്ന നിരക്കിനേക്കാൾ കൂടിയ നിരക്ക് റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ചു. – അധികം നൽകിയത് 10168/- | 3-3 |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിശദാംശങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 36 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 77 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26-03-18 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ.ഇകെ.എം(പിജി)1227(24)/2019 തീയതി 21-08-19 | വിശേഷണങ്ങളോടു കൂടിയത്. |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 45051230.59 |
| വരവ് | 104467385.00 |
| ആകെ | 149518615.59 |
| ചെലവ് | 97247833.00 |
| നീക്കിയിരിപ്പ് | 52270782.59 |

# 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 17380078 | 17380078 | 15986713 | -- |
| വികസന ഫണ്ട്- എസ്.സി.പി(ACR പ്രകാരം) | | | 10925000 | 10925000 | 7097110 | -- |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | | | 178000 | 178000 | 0 | -- |
| മെയിൻറനൻസ്, റോഡ് (ACR പ്രകാരം) | | | 9193000 | 9193000 | 5433236 | -- |
| മെയിൻറനൻസ്, നോൺ റോഡ് (ACR പ്രകാരം) | | | 3608000 | 3608000 | 2030826 | -- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (ACR പ്രകാരം) | | | 10065893 | 10065893 | 7559098 | -- |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | -- | -- | -- | -- | -- |
| സാക്ഷരത | | 5754 | 0 | 5754 | 0 | 5754 |
| ദുരിതാശ്വാസനിധി | | 78874 | 65406 | 144280 | 106854 | 37426 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 18705347 | 18705347 | 18705347 | -- |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8423 | 481982 | 490405 | 488975 | 1430 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ICDS | 604559 | 518575 | 1123134 | 360299 | 762835 |
| | TSC | 118043 | 837500 | 955543 | 132000 | 823543 |
| | വിമുക്തി | 37500 | 25000 | 62500 | 14540 | 47960 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിൻറ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 369259 | 1522975 | 1892234 | 1048483 | 843751 |
| | ജില്ലാ പഞ്ചായത്ത് | 161863 | 3952017 | 4113880 | 952017 | 3161863 |
| | | 36863 | | 36863 | 36863 | |
| ബി ഫണ്ട് | | | 78070076 | 78070076 | 78070076 | |
| ജനറൽ പർപ്പസ് ഗ്രാൻറ് (ട്രഷറി അക്കൌണ്ട്) | | 14607867 | 12082645 | 26690512 | 26350277 | 340285 |
| തനത് ഫണ്ട് | ബാങ്ക് അക്കൌണ്ട് | 29992815.59 | 38704918 | 68697733.59 | 23242062 | 45455671 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 254 | 121561809 | 177 | 69363199 | 52 | 25 | 70 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8423 | 481982 | 490405 | 488975 | 1430 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | --- | 18705347 | 18705347 | 18705347 | ---- |
| ആകെ | 8423 | 19187329 | 19195752 | 19194322 | 1430 |

# 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22320 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 4974300 | 425 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 16146900 | 1399 |
| വാർദ്ധക്യകാലപെൻഷൻ | 32964300 | 3146 |
| വികലാംഗപെൻഷൻ | 3815600 | 322 |
| വിവാഹധനസഹായം | 90000 | 2 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 835700 | 82 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31-12-18ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12724/- രൂപ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്.

1. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടത്തേണ്ടതാണ്.

വെറ്റി. സർജൻ നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് ഒരേ സമയം ഒന്നിലധികം രസീതുബുക്കുകൾ ഉപയോഗിക്കുന്ന നടപടി ശരിയല്ല. ഇത് ഒഴിവാക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിലെ ജനറേറ്ററിന് ലോഗ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

3. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സ്ഥാപന രജിസ്റ്റർ , ലൈസൻസുമായി ബന്ധപ്പെട്ട് ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

5. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

6. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-12-19 | 1-11-19 – 30-11-19 | --- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിററ് | 03-07-19 | 2014-15 to 2018-19 | 26-08-19 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-12 തൊഴിൽ നികുതി-അപാകതകൾ

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. എല്ലാ വർഷവും പുതിയതായി തുടങ്ങിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് സ്ഥാപന ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി സി ബി പത്രിക തയ്യാറാക്കേണ്ടതുമാണ്. സാംഖ്യാ അക്കൌണ്ട് പ്രകാരം തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രം ലൈസൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. രജിസ്റ്റർ പ്രകാരമുള്ള വരവും സാംഖ്യാ അക്കൌണ്ട് പ്രകാരമുള്ള വരവും പൊരുത്തപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതിയോ ജീവനക്കാരുടെ തൊഴിൽ നികുതിയോ അടച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. ചെറുതും വലുതുമായ ധാരാളം നസ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്ന പഞ്ചായത്തിൽ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു.

2). സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതും പിരിച്ചെടുത്ത തൊഴിൽ നികുതിയുടെ ഡി സി ബി പത്രിക തയ്യാറാക്കി കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

3). ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും താഴെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എസ് ബി ഐ നെടുമ്പാശ്ശേരി | I&II |
| 2 | കെ എസ് ഇ ബി | I&II |
| 3 | നൈപുണ്യ വെൽഫയർ | I&II |
| 4 | എസ് ബി ഐ | I&II |
| 5 | നെടുമ്പാശ്ശേരി പഞ്ചായത്ത് സർവ്വീസ് സഹകരണ സംഘം | I&II |
| 6 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് | I&II |
| 7 | ഐ ഒ സി | I&II |
| 8 | സൌദി അറേബ്യൻ എയർ ലൈൻ | I&II |
| 9 | ജെറ്റ് എയർവേയ്സ് | I&II |
| 10 | കൊലേഹി എയർപോർട്ട് സർവീസസ് | I&II |
| 11 | മണപ്പുറം ഫിനാൻസ് | I |
| 12 | ഭരത് പെട്രോളിയം | I&II |
| 13 | UAE എക്സ്ചേഞ്ച് & ഫിനാൻഷ്യൽ സർവീസ് | II |
| 14 | ഗൾഫ് എയർ | I&II |
| 15 | ഒമാൻ എയർ | I&II |
| 16 | ബ് എസ് എൻ എൽ | I&II |
| 17 | ശ്രീലങ്കൻ എയർലൈൻ | I&II |
| 18 | UBIഅത്താണി | I&II |
| 19 | ഉദയ ഫിനാൻസ് | I&II |
| 20 | സ്പൈസ് ജെറ്റ് | I |
| 21 | കുവൈറ്റ് എയർ ലൈൻസ് | I |
| 22 | ഖത്തർ എയർവേയേസ് | I&II |
| 23 | അമൃതം ഫുഡ് പ്രൊഡക്ട്സ് | I&II |
| 24 | മാവേലി സ്റ്റോർ | I&II |
| 25 | എയർ ഇൻഡ്യ | I&II |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

4). മുൻ വർഷങ്ങളിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഇമിഗ്രേഷ വിങ് , സിയാൽ | I&II |
| 2 | എഫ് ഇ ഐ കാർഗോ | I&II |
| 3 | ആർ ഡി എസ് പ്രോജക്ട്സ് | I&II |
| 4 | സഫാരി ഇൻഡസ്ട്രീസ് ഇൻഡ്യ | I&II |
| 5 | ടേയ് ഫാഷൻസ് | I&II |
| 6 | സെൻറ്റ് മേരീസ് ടിമ്പർ ഇൻഡസ്ട്രീസ് | I |
| 7 | കിൻടേട്സു വേൾഡ് എക്സ്പ്രസ് | I |
| 8 | ഹോ വെൽനെസ്സ് (പി)ലിമിറ്റഡ് | I&II |
| 9 | കെ എസ് ബി സി നെടുമ്പാശ്ശേരി | I&II |
| 10 | സിന്ധു കാർഗോ സർവീസ് ലിമിറ്റഡ് | I&II |
| 11 | എയർ ട്രാവൽഎന്റർ പ്രൈസസ് ഇൻഡ്യ ലിമിറ്റഡ് | I&II |
| 12 | ഹോട്ടൽ റോയൽ വിങ്ങ് | I&II |
| 13 | ഗേലോർഡ് മെറ്റ്ൽസ് | I&II |
| 14 | ഇൻഡ്യ ചേമ്പർ ഓഫ് കൊമേഴ്സ് | I |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

5). 2018-19 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിറ്റർ പ്രകാരം താഴെ ചേർത്ത ക്രമ നമ്പറിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചീട്ടില്ല.

| ക്രമ നം | രജിറ്റർ ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | 114 | ഗൾഫ് എയർ | II |
| 2 | 116 | ഉദയ ഫിനാൻസ് | II |
| 3 | 129 | ഗ്രീൻ മെതേഡ് എഞ്ചീയറിങ്ങ് | I |
| 4 | 133 | ന്യൂ ഭാരത് മാൻ പവർ കൺസൾട്ടൻസി | I |
| 5 | 136 | ഹാംലെയ്സ് റിയലൻസ് ലൈഫ സ്റ്റൈൽ ലിമിറ്റഡ് | I |
| 6 | 171 | സെക്യൂരിറ്റീസ് ഇന്റലിജന്റ്സ് സർവീസ് ലിമിറ്റഡ് | I |
| 7 | 172 | ഹൈടെക് സർവീസ് | I |
| 8 | 175 | എയർ ഇൻഡ്യ | I |
| 9 | 177 | കാർണിവൽ റെഡ് കാർപെറ്റ് | I |
| 10 | 180 | ജനത എഞ്ചിനീയറിങ്ങ ഇൻഡസ്ട്രീസ് | I |
| 11 | 182 | എസ് ആർ എസ് ആർ | I |
| 12 | 184 | ട്രാവൺമൂൺ ട്രാവൽ കമ്പനി | I |
| 13 | 185 | എക്സിബിറ്റ് ക്യാഷ് വേൾഡ് മണി ലിമിറ്റഡ് | I |
| 14 | 193 | ബെറ്റർ ലൈഫ് സ്റ്റൈൽസെന്റർ | I |
| 15 | 213 | വി എ എഞ്ചിനീയറിങ്ങ് വർക് ഷോപ്പ്. | I &II |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

6). പഞ്ചായത്തിൽ പരിധിയിൽ പ്രവർത്തിയ്ക്കുന്ന റേഷൻ കടകൾ, കംമ്പ്യൂട്ടർ സെന്ററുകൾ, അക്ഷയ സെന്ററുകൾ, കള്ളു ഷാപ്പുകൾ , ക്ഷീരസഹകരണ സംഘങ്ങൽ മുതലായ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

7). 2018-19 സാമ്പത്തിക വർഷം പഞ്ചായത്തിൽ മരാമത്ത് വേലകൾ നടത്തിയ കരാറുകാരിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകർ , സ്വാകാര്യ ഡേക്ടർമാർ, ചാർട്ടേർഡ് അക്കൗണ്ടർമാർ മറ്റ് പ്രഫഷണൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

8). തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതു സംബന്ധിച്ചും 2017-18 വർഷങ്ങത്തെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയതായി കാണുന്നില്ല. ഇക്കാരണത്താൽ തൊഴിൽ നികുതി അടക്കാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനോ, തുടർ നടപടികൾ സ്വീകരിക്കുന്നതിനോ കഴിയുന്നില്ല. ഇത്തരത്തിൽ സ്ഥാപനങ്ങൾ പ്രർത്തിക്കുന്നത്

പഞ്ചായത്തിന് വരുമാനനഷ്ടത്തിന് ഇടയാക്കുന്നു. സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ച ട്രേഡേഴ്സ് ലിസ്റ്റും സ്ഥാപന ലിസ്റ്റും തയ്യാറാക്കേണ്ടതും ലിസ്റ്റിലെ ക്രമ പ്രകാരം തന്നെ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും രജിസ്റ്റർ പ്രകാരമുള്ള വരവും സാഖ്യാഅക്കൗണ്ട് പ്രകാരമുള്ള വരവും റികൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ അപാകതകൾ പരിഹരിക്കുന്നതിന് തുടർച്ചയായി നിർദേശിച്ചിട്ടും നിർദേശങ്ങൾ പാലിക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതു സംബന്ധിച്ചും പഞ്ചായത്ത് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പുതലത്തിൽ നിർദേശങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല.

# 1-13 വസ്തു നികുതി അപാകതകൾ

(1) തൻവർഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി ഉൾപെടുത്തി ഡിമാന്റ് തുക വർദ്ധിപ്പിക്കുന്നതിനോ, വേക്കൻസി റെമിഷൻ, നികുതി ഒഴിവാക്കൽ എന്നിവ തിട്ടപ്പെടുത്തി അതിനനുസരിച്ച് വർഷാവസാനം ഡിമാന്റിൽ വർദ്ധന/ കുറവ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ ഡിമാന്റിൽ വ്യത്യാസം വരുന്ന കെട്ടിടങ്ങളുടെ കെട്ടിട നികുതി വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വർഷാവസാനം സാഖ്യാ സഞ്ചയ റികൺസിലേഷൻ തയ്യാറാക്കി പരിശോധനക്കായി സൂക്ഷിക്കേണ്ടതുമാണ്. തൻവർഷം വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും വസ്തുനികുതി വരവിൽ കുറവു വരുത്തി അറിയിക്കേണ്ടതുമാണ്.

(2)വസ്തു നികുതി വിവരങ്ങളുടെ സഞ്ചയയിലെ പ്യൂരിഫിക്കേഷൻ നടപടികളുടെ തൽസ്ഥിതി അറിയിക്കേണ്ടതാണ്. 24-12-2019 ലെ സഞ്ചയ റിപ്പോർട്ട് പ്രകാരമുള്ള 2018-19 വർഷത്തെ കുടിശ്ശിക വസ്തു നികുതിയും 2018-19 വർഷത്തെ സാഖ്യാ അക്കൌണ്ട് പ്രകാരമുള്ള കുടിശ്ശിക വസ്തു നികുതിയും തമ്മിൽ വളരെ വ്യത്യാസം കാണുന്നു. കൂടാതെ 2018-19 വർഷത്തെ സാഖ്യാ അക്കൌണ്ട് പ്രകാരം പ്രയർ പിരിയഡ് ഐറ്റംസ് എന്ന ഹെഡിൽ 3447333/- വരവായി ചേർത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിട്ടില്ല. സഞ്ചയ സാഖ്യാ വ്യത്യസം കൃത്യമായ വിശദാംശങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ പ്രയർ പിരിയഡ് ഐറ്റംസ് എന്ന ഹെഡിലേക്ക് മാറ്റുന്നത് അംഗീകരിക്കാനാകില്ല.

(4) സഞ്ചയ വസ്തുനിർണ്ണയ രജിസ്റ്റർ പ്രകാരം നഗരസഭയിൽ 5 മൊബൈൽ ടവറുകൾക്ക് നികുതി നിശ്ചയിച്ചിട്ടുണ്ട് . ബി എസ് എൻ എൽ മൊബൈൽ ടവറുകൾക്ക് നികുതി നിശ്ചയിച്ചതായി കാണുന്നില്ല. നഗരസഭയിൽ സ്ഥിതിചെയ്യുന്ന എല്ലാ മൊബൈൽ ടവറുകളുടേയും വിവരങ്ങളും നികുതി അടച്ചവിവരങ്ങളും(ഡി സി ബി) ലഭ്യമാക്കേണ്ടതാണ്.
വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

# 1-14 സബ്സിഡി അധിക നിരക്കിൽ നൽകി

| | |
|---|---|
| പ്രോജകട് നമ്പർ | S0231/19 |
| | |

| | |
|---|---|
| പ്രോജകട് പേര് | പാലിന് സബ്സിഡി |
| അടങ്കൽ | 435800 |
| ചെലവ് | 335800-, ബിൽ നം1/18-19 തി 16-01-19 |

ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ഒരു ഗുണഭോക്താവിന് വർഷത്തിൽ 40000/- രൂപയിൽ അധികമാവാതെ, അളക്കുന്ന പാലിന് ലിറ്റർ ഒന്നിന് പരമാവധി 4/-രൂപ (ക്ഷീര വികസന വകുപ്പ് നൽകുന്ന 1/-രൂപ ഉൾപ്പടെ) ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ക്ഷീര വികസന വകുപ്പ് നൽകുന്ന 1/-രൂപ കുറച്ച് അളക്കുന്ന പാലിന് ലിറ്റർ ഒന്നിന് പരമാവധി 3/-രൂപ മാത്രമാണ് സബ്സ്ഡി അനുവദനീയമായിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയപ്പോൾ വിവിധ ക്ഷീര സഹകരണ സംഘങ്ങളിൽ അളന്ന 94232 ലിറ്റർ പാലിന് 3.563/- രൂപ നിരക്കിൽ ആകെ 335800/- രൂപ സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. 3/-രൂപ നിരക്കിൽ അനുവദനീയമായ 282696/- രൂപയേക്കാൾ 53104/- രൂപ അധികമായി ചെലവഴിച്ചിട്ടുള്ളതായി കാണുന്നു.

ഈ അപാകതയ്ക്കുള്ള മറുപടിയിൽ ക്ഷീര വികസന വകുപ്പിൽ നിന്ന് 2018-19 വർഷം സഹായം നൽകാതിരുന്നതുകൊണ്ടാണ് 3/-രൂപ നിരക്കിൽ കൂടുതലായി സബ്സിഡി നൽകിയതെന്ന മറുപടി അംഗീകരിക്കുന്നില്ല. സബ്സിഡി മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-15 വിനിയോഗസാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ചെലവ് തുക 2223000 രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള താഴെ ചേർത്തിട്ടുള്ള പദ്ധതികളുടെ ചെലവ് തുക വിനിയോഗസാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | നിർവ്വഹണ ഏജൻസി | ബിൽ നമ്പർ/ചെക്ക് നമ്പർ തിയതി | തുക(രൂപ) |
|---|---|---|---|---|
| 189/19 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | KWA | 483756/ 31-1-2019 | 200000 /- |
| 9/19 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ-പോസ്റ്റ് സ്ഥാപിക്കൽ | KSEB | 15/19/19-9-18, 26/19/19.9.28, 26/19/13-11-18, 30/19/30-11-18, 38/19/29-12-18, 54/19/22-3-19, 11/19/27-7-18, 14/19/19-9-18, 38/19/29-12-18, 6/19/30-6-18, 10/19/27-7-18, 18/19/28-7-19 | 2023000/- |
| | | | ആകെ | 2223000/- |

# 1-16 വ്യക്തിഗത ആനുകൂല്യം സംബന്ധിച്ച പരാതി തീർപ്പാക്കിയതിലെ അപാകത

ശ്രീമതി വിജയകുമാരി വാസുദേവൻ, ചെറിയത്ത് (H) എന്നയാൾ 20-12-2018 ൽ വിവരാവകാശനിയമപ്രകാരം ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി( രസീത് നമ്പർ A2-6488/18). ടിയാൾ തന്നെ 30-5-2018 ൽ നല്കിയ പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ് ഇപ്പോൾ അപേക്ഷ നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ടിയാൾ SC വിഭാഗത്തിൽ ഉൾപ്പെട്ട വിധവയായ കുടുംബനാഥയാണെന്നും മകൾ മാത്രമാണ് കൂടെയുള്ളതെന്നും സൂചിപ്പിച്ചിട്ടുണ്ട്. ആദ്യം നല്കിയ പരാതി B2-2851/18 ആയി 30-5-2018 ൽ തന്നെ നമ്പർ ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. പ്രസ്തുത പരാതിയിൽ രണ്ടു കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിൽ ഒന്ന് ടിയാൾക്ക് വ്യക്തിഗത ആനുകൂല്യമെന്ന നിലയിൽ കക്കൂസ് അനുവദിക്കുന്നതിന് ഗ്രാമസഭ വഴി തീരുമാനമെടുത്തിട്ടുള്ളതാണ് എന്നാണ്. ടിയാൾക്ക് സുരക്ഷിതമായ വാതിലോ മേൽക്കൂരയോ എയർപൈപ്പോ ഒന്നുമില്ലാത്ത, ക്ളോസറ്റ് തകരാറിലായ കക്കൂസാണ് നിലവിൽ ഉള്ളതെന്ന് അറിയിച്ചിരിക്കുന്നു. മറ്റൊന്ന് ടിയാളുടെ വീട്ടിലേക്കുള്ള വഴി (നെടുമ്പാശ്ശേരി പോസ്റ്റോഫീസ് -വെട്ടിക്കോട് റോഡ്) പരിതാപകരമായ അവസ്ഥയിലാണെന്നും ആയത് സഞ്ചാരയോഗ്യമാക്കിത്തരണമെന്നുമായിരുന്നു. വാസയോഗ്യമായ വീടല്ല ഉള്ളതെന്നും റോഡിന്റെ പരിതാപകരമായ അവസ്ഥമൂലം നിർമ്മാണസാമഗ്രികൾ എത്തിക്കാൻ കഴിയാത്തതിനാൽ I A Y യിലുൾപ്പെടുത്തി അനുമതി ലഭ്യമായ വീട് പണിയുമാൻ സാധിക്കുന്നില്ല എന്നും പരാതിയിൽ പറയുന്നു. വഴി ടാർ ചെയ്യുന്നത് ഗ്രാമസഭയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണെന്ന് വിവരാവകാശപ്രകാരമുള്ള അപേക്ഷയിൽ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ആദ്യം നല്കിയ പരാതിനമ്പർ ഉൾപ്പെടെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 30-5-2018 ലെ പരാതിയിൽ തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ 2005 ലെ വിവരാവകാശനിയമപ്രകാരം പരാതിയിന്മേലുള്ള നടപടികൾ അറിയുന്നതിന് വേണ്ടിയാണ് അപേക്ഷ സമർപ്പിക്കുന്നതെന്ന് വ്യക്തമായി അപേക്ഷക രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആദ്യപരാതി ലഭിച്ചശേഷം സ്വീകരിച്ച നടപടികൾ/തീരുമാനങ്ങൾ എന്തെന്ന് ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അതിനാൽ ടിയാരിയുടെ പരാതി പരിശോധിച്ച് ആക്ഷേപങ്ങൾ ശരിയെന്ന് ബോധ്യപ്പെടുന്ന സാഹചര്യത്തിൽ പരാതിക്കാരിക്ക് അനുകൂലമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-17 ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ : : 200/19

നിർവ്വഹണോദ്യോഗസ്ഥൻ: : ഹെഡ്മാസ്റ്റർ, GLPS

ആകെ ചെലവ് : : 30000/- രൂപ(തനത് ഫണ്ട്)

ചെക്ക് നമ്പർ: : 483551/ 18-02-19

മേൽ പദ്ധതി പ്രകാരം പത്ത് ഫുട്ബോൾ വാങ്ങിയതിന് 6000 രൂപയും 40 ജഴ്സി സെറ്റ് വാങ്ങിയതിന് 8000 രൂപയും ചെലവ് വന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി. ഓ. (പി) നം.259/2010/ ത.സ്വ.ഭ.വ. തിയതി 08-11-2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയും മതിപ്പുവില വരുന്ന വാങ്ങലുകൾക്ക് ക്വട്ടേഷനുകൾ ക്ഷണിച്ച്കൊണ്ട് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും അറിയിപ്പ് പ്രസിദ്ധപ്പെടുത്തേണ്ടതും അതിന്നടിസ്ഥാനത്തിൽ അറിയപ്പെടുന്ന വിതരണക്കാരിൽ നിന്ന് കുറഞ്ഞത് മൂന്ന് ക്വട്ടേഷനുകളെങ്കിലും സ്വീകരിക്കേണ്ടതുമായിരുന്നു. എന്നാൽ മേൽ പദ്ധതിയിൽ ക്വട്ടേഷനുകൾ ക്ഷണിക്കാതെ നേരിട്ട് ആണ് ഫുട്ബോൾ,ജഴ്സി എന്നിവ വാങ്ങിയിട്ടുള്ളത്. പരിശീലനത്തിൽ എത്ര കുട്ടികൾ പങ്കെടുത്തു എന്നത് സംബന്ധിക്കുന്ന ഹാജർ മുതലായ രേഖകൾ ഒന്നും സൂക്ഷിച്ചിട്ടില്ല. അഞ്ച് ദിവസം മാത്രം നീണ്ടുനിന്ന കോച്ചിംഗ് ക്യാമ്പ് നടത്തിയതായിട്ടാണ് രേഖകളിൽ നിന്ന് ബോധ്യപ്പെടുന്നത്. ക്യാമ്പിന് ശേഷം ഫുട്ബോൾ ഉൾപ്പെടെ വാങ്ങിയ സാധനങ്ങൾ നിലവിൽ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്, സ്കൂൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സ്റ്റോക്കിലെടുത്തിട്ടുണ്ടോ എന്നീ വിവരങ്ങൾ വ്യക്തമല്ല. ഫുട്ബോൾ പരിശീലനത്തിന് നിയോഗിക്കപ്പെട്ട ചീഫ് ട്രെയിനറുടെ ഈ രംഗത്തെ യോഗ്യത, പരിചയം എന്നിവ സൂചിപ്പിക്കപ്പെട്ടിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം തേടിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇത്തരം അപാകതകൾ ഇല്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-18 ശൗചാലയത്തിന് കുഴൽക്കിണർ - പദ്ധതി പൂർത്തീകരിക്കാത്തതിനാൽ 45000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അത്താണി എയർപോർട്ട് ജംഗ്ഷനിൽ പഞ്ചായത്ത് വക ഒരു പൊതുശൗചാലയം പ്രവർത്തിപ്പിക്കുന്നുണ്ട്. എയർ ഇൻഡ്യാ എക്സ്പ്രസ് കമ്പനി അവരുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് പണിത് പഞ്ചായത്തിന് സൗജന്യമായി കൈമാറിയിട്ടുള്ളതാണ് ഈ ശൗചാലയം. പ്രസ്തുത ശൗചാലയത്തിന് വേണ്ടി കുഴൽ കിണർ കുഴിക്കുന്നതിന് പ്രോജക്റ്റ് നമ്പർ 263/19 ന്റെ ഭാഗമായി 45000/- രൂപ ചെക്ക് നമ്പർ 1900251/16-3-19 പ്രകാരം ഭൂജലവകുപ്പ് ജില്ലാ ഓഫീസർ, കാക്കനാട് -ന് കൈമാറിയിട്ടുണ്ട്. സെക്രട്ടറിയാണ് ഈ പ്രോജക്റ്റിന്റെ നിരവ്വഹണോദ്യോഗസ്ഥൻ. കുഴൽ കിണർ നിർമ്മിക്കാൻ ഭൂജലവകുപ്പ് ഉദ്യോഗസ്ഥർ എത്തിയതായും എന്നാൽ ചില തർക്കങ്ങൾ കാരണം ആയത് നടപ്പിലാക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ സ്ഥലം മാറ്റി കിണർ സ്ഥാപിക്കുന്നതിനോ തുക തിരികെ നല്കുന്നതിനോ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 18-11-2019 ലെ നമ്പർ A2-711/2019 കത്ത് പ്രകാരം പഞ്ചായത്ത് ഭൂജലവകുപ്പ് അധികൃതരോട്

ആവശ്യപ്പെട്ടതായി കാണുന്നു. സമീപത്തുള്ള ഒരു സ്ഥാപനത്തിൽ നിന്നാണ് നിലവിൽ താല്ക്കാലികമായി ജലം ലഭ്യമാക്കുന്നതെന്ന് സ്ഥലം സന്ദർശിച്ചതിൽ നിന്ന് അറിയാൻ കഴിഞ്ഞു. നിർദ്ദിഷ്ട സ്ഥലത്ത് കുഴൽ കിണർ കുഴിക്കാൻ ഭൂജലവകുപ്പിന് സാഹചര്യമൊരുക്കുകയോ മറ്റൊരു സ്ഥലം നിർദ്ദേശിക്കുകയോ ചെയ്യാതെ പദ്ധതിക്കായി നല്കിയ തുക തിരികെ നല്കാൻ അഭ്യർഥിച്ചതിന് വിശദീകരണം തേടിക്കൊണ്ട് ഓഡിറ്റ് എൻക്വയറി(നമ്പർ-16) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ദേശീയപാതയോരത്ത് എയർപോർട്ടിലേക്ക് തിരിയുന്ന സുപ്രധാനസ്ഥലത്ത് നിർമ്മിക്കപ്പെട്ടിട്ടുള്ള ശൗചാലയം ജലദൗർലഭ്യത്താൽ പ്രവർത്തനം നിലക്കാതിരിക്കാനായി കുഴൽക്കിണർ പദ്ധതി അടിയന്തിരമായി തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. പദ്ധതി നടപ്പാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 45000/- തടസ്സപ്പെടുത്തുന്നു.

# 1-19 ലൈസൻസ്-ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ല

1. ലൈസൻസ്-ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017-ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 എന്നിവ പ്രകാരം 1996-ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തെ ലൈസൻസ് അനുവദിച്ചത് ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായാണോ എന്നതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/19) മറുപടിയായി ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കലുമായി ബന്ധപ്പെട്ട് ബൈലോ അംഗീകരിച്ചിട്ടില്ല എന്നും ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ച് അപാകത പരിഹരിക്കുന്നതുമാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

ലൈസൻസ് നല്കലുമായി ബന്ധപ്പെട്ട് ബൈലോ അംഗീകരിച്ച് നടപ്പാക്കാത്തതിനാൽ ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ബൈലോ അംഗീകരിച്ച് നടപ്പാക്കേണ്ടതുമാണ്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ലിസ്റ്റലെ ക്രമപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല.

3. എല്ലാ ലൈസൻസ് അപേക്ഷകളിലും ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കുന്നുണ്ടെന്നും അന്വേഷണോദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കുന്നതെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

4. ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കുന്നതിലും മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നതിലും സാരമായ അപാകതകൾ തൻവർഷം ഉള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. ഇതുമൂലം നിയമാനുസൃതമായി പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിൽ കുറവുണ്ടാകുന്നു. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994, സെക്ഷൻ 255 പ്രകാരമുള്ള ഫൈൻ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനായി സ്ഥലപരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റ് പരിശോധനക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

# 1-20 പൊതു ടാപ്പുകളുടെ വെള്ളക്കരം -വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം 440 പൊതുടാപ്പുകൾക്ക്

പ്രതിമാസം 5250/- രൂപ നിരക്കിൽ തൻവർഷം 2310000/- രൂപവെള്ളക്കരമായി വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്താത്തതിനാൽ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തതയില്ല. സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണവും അവസ്ഥയും തിട്ടപ്പെടുത്തേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം13തിയതി 30.12.2019) മറുപടിയായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് - നികുതി നഷ്ടം രൂ.

താഴെ ചേർത്ത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചപ്പോൾ അംഗീകരിച്ച കെട്ടിട പ്ലാൻ പ്രകാരം താഴെ ചേർത്ത കെട്ടിടങ്ങൾക്ക് 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ളതായി കാണുന്നു. വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ഇത്തരം കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 20% വർദ്ധന വരുത്തി നികുതി നിർണ്ണയിക്കേണ്ടതാണ് എങ്കിലും വർദ്ധന വരുത്താതെ നികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. വസ്തു നികുതി നിർണ്ണയിച്ചതുമൂലമുണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | | നിർണ്ണയിച്ചതിലെ ഉടമസ്ഥൻ | അടിസ്ഥാന വസ്തു നികുതി | വസ്തു നികുതി കുറവ്(20%) |
|---|---|---|---|---|---|
| 1 | 13/633, 25/11/16 8m road | A1 | മാനേജർ, എർത്ത് സ്പേസ് ബിൽഡേഴ്സ് & ഡവലപ്പേഴ്സ് | 1040 | 208 |
| 2 | 13/633 | A2 | ,, | 514 | 102 |
| 3 | 13/633 | A3 | ,, | 298 | 60 |
| 4 | 13/633 | A4 | ,, | 271 | 54 |
| 5 | 13/633 | A5 | ,, | 271 | 54 |
| 6 | 13/633 | A6 | ,, | 293 | 58 |
| 7 | 13/633 | B1 | ,, | 505 | 101 |

| | | | | | |
|---|---|---|---|---|---|
| 8 | 13/633 | B2 | „ | 263 | 52 |
| 9 | 13/633 | B3 | „ | 267 | 53 |
| 10 | 13/633 | B4 | „ | 286 | 57 |
| 11 | 13/633 | B5 | „ | 269 | 54 |
| 12 | 13/633 | B6 | „ | 267 | 53 |
| 13 | 13/633 | B7 | „ | 271 | 54 |
| 14 | 13/633 | B8 | „ | 518 | 104 |
| 15 | 13/633 | B9 | „ | 527.6 | 105 |
| 16 | 13/633 | B10 | „ | 298 | 60 |
| 17 | 13/633 | B11 | „ | 271 | 54 |
| 18 | 13/633 | B12 | „ | 298 | 60 |
| 19 | 13/633 | B13 | „ | 271 | 54 |
| 20 | 13/633 | B14 | „ | 271 | 54 |
| 21 | 13/633 | B15 | „ | 293 | 58 |
| 22 | 13/633 | C1 | „ | 505 | 101 |
| 23 | 13/633 | C2 | „ | 263 | 52 |
| 24 | 13/633 | C3 | „ | 267 | 53 |
| 25 | 13/633 | C4 | „ | 286 | 57 |
| 26 | 13/633 | C5 | „ | 514 | 103 |
| 27 | 13/633 | C6 | „ | 271 | 54 |
| 28 | 13/633 | C7 | „ | 518 | 104 |
| 29 | 13/633 | C8 | „ | 527 | 105 |
| 30 | 13/633 | C9 | „ | 546 | 109 |
| 31 | 13/633 | C10 | „ | 298 | 60 |
| 32 | 13/633 | C11 | „ | 271 | 54 |
| 33 | 13/633 | C12 | „ | 293 | 58 |
| 34 | 13/633 | C13 | „ | 293 | 58 |
| 35 | 13/633 | C14 | „ | 527 | 105 |
| 36 | 13/633 | D1 | „ | 505 | 101 |
| 37 | 13/633 | D2 | „ | 263 | 52 |
| 38 | 13/633 | D3 | „ | 269 | 57 |
| 39 | 13/633 | D4 | „ | 286 | 57 |
| 40 | 13/633 | D5 | „ | 269 | 54 |
| 41 | 13/633 | D6 | „ | 267 | 53 |
| 42 | 13/633 | D7 | „ | 271 | 54 |
| 43 | 13/633 | D8 | „ | 518 | 104 |
| [illegible] | [illegible] | [illegible] | | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| 44 | 13/633 | D9 | „ | 527 | 105 |
| 45 | 13/633 | D10 | „ | 298 | 60 |
| 46 | 13/633 | D11 | „ | 272 | 54 |
| 47 | 13/633 | D12 | „ | 298 | 60 |
| 48 | 13/633 | D13 | „ | 271 | 54 |
| 49 | 13/633 | D14 | „ | 271 | 54 |
| 50 | 13/633 | D15 | „ | 293 | 58 |
| 51 | 13/633 | D16 | „ | 527 | 105 |
| 52 | 13/633 | E1 | „ | 505 | 101 |
| 534 | 13/633 | E2 | „ | 263 | 52 |
| 54 | 13/633 | E3 | „ | 269 | 54 |
| 55 | 13/633 | E4 | „ | 286 | 57 |
| 56 | 13/633 | E5 | „ | 269 | 54 |
| 57 | 13/633 | E6 | „ | 267 | 53 |
| 58 | 13/633 | E7 | „ | 271 | 54 |
| 59 | 13/633 | E8 | „ | 518 | 104 |
| 60 | 13/633 | E9 | „ | 527 | 105 |
| 61 | 13/633 | E10 | „ | 298 | 60 |
| 62 | 13/633 | E11 | „ | 271 | 54 |
| 63 | 13/633 | E12 | „ | 298 | 60 |
| 64 | 13/633 | E13 | „ | 271 | 54 |
| 65 | 13/633 | E14 | „ | 271 | 54 |
| 66 | 13/633 | E15 | „ | 293 | 58 |
| 67 | 13/633 | E16 | „ | 527 | 105 |
| 68 | 13/633 | F1 | „ | 505 | 101 |
| 69 | 13/633 | F2 | „ | 263 | 52 |
| 70 | 13/633 | F3 | „ | 267 | 53 |
| 71 | 13/633 | F4 | „ | 286 | 57 |
| 72 | 13/633 | F5 | „ | 514 | 102 |
| 73 | 13/633 | F6 | „ | 271 | 54 |
| 74 | 13/633 | F7 | „ | 518 | 104 |
| 75 | 13/633 | F8 | „ | 527 | 105 |
| 76 | 13/633 | F9 | „ | 298 | 60 |
| 77 | 13/633 | F10 | „ | 271 | 54 |
| 78 | 13/633 | F11 | „ | 298 | 60 |
| 79 | 13/633 | F12 | „ | 271 | 54 |

| | | | | | |
|---|---|---|---|---|---|
| 80 | 13/633 | F13 | ,, | 271 | 54 |
| 81 | 13/633 | F14 | ,, | 293 | 58 |
| 82 | 13/633 | F15 | ,, | 527 | 105 |
| 83 | 13/633 | G1 | ,, | 505 | 101 |
| 84 | 13/633 | G2 | ,, | 263 | 52 |
| 85 | 13/633 | G3 | ,, | 267 | 53 |
| 86 | 13/633 | G4 | ,, | 269 | 51 |
| 87 | 13/633 | G5 | ,, | 269 | 54 |
| 88 | 13/633 | G6 | ,, | 267 | 53 |
| 89 | 13/633 | G7 | ,, | 271 | 54 |
| 90 | 13/633 | G8 | ,, | 518 | 104 |
| 91 | 13/633 | G9 | ,, | 527 | 105 |
| 92 | 13/633 | G10 | ,, | 546 | 109 |
| 93 | 13/633 | G11 | ,, | 271 | 54 |
| 94 | 13/633 | G12 | ,, | 271 | 54 |
| 95 | 13/633 | G13 | ,, | 271 | 54 |
| 96 | 13/633 | G14 | ,, | 293 | 58 |
| 97 | 13/633 | G15 | ,, | 527 | 53 |
| 98 | 13/633 | H1 | ,, | 286 | 57 |
| 99 | 13/633 | H2 | ,, | 514 | 102 |
| 100 | 13/633 | H3 | ,, | 298 | 60 |
| 101 | 13/633 | H4 | ,, | 271 | 54 |
| | | | | | 7071 |
| 102 | 8/256, 5m, | A | ജോർജ്ജ് കെ.പി. | 15702 | 3140 |
| | | | | | |
| 103 | 4/273, 6m | A | അനിൽ സി.ഐ. & ഏലിയാമ്മ ഇട്ടീര | 1085 | 217 |
| 104 | 3/469, 5.2 m | - | ഇട്ടൂപ്പ് മാത്യു | 10875 | 2175 |
| 105 | 3/469, | C | ,, | 397 | 80 |
| 106 | 3/469, | D | ,, | 1519 | 304 |
| | | | | | 2559 |
| 107 | 12/569 5m, 20-4-17 | A | സജിത് കുമാർ, S/o തങ്കപ്പൻ | 9900 | 1980 |

ക്രമ നം 1മുതൽ 101 വരെയുള്ള കെട്ടിടങ്ങളുടെവസ്തുനികുതി നിർണ്ണയത്തിൽ 2016-17 രണ്ടാം അർദ്ധവർഷം മുതൽ 7071/ രൂപയും ക്രമ നം.102 പ്രകാരം 17-18 IInd അർദ്ധവർഷം മുതൽ 3140/-

രൂപയും ക്രമ നം.103 പ്രകാരം 17-18 IInd അർദ്ധവർഷം മുതൽ 217/-രൂപയും ക്രമ നം.104 മുതൽ 106 വരെയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ 18-19 IInd അർദ്ധവർഷം മുതൽ 2559രൂപയും ക്രമ നം. 107പ്രകാരം 17-18 Ist അർദ്ധവർഷം മുതൽ 1980/-രൂപയും വാർഷിക വസ്തുനികുതിയിനത്തിൽ കുറവായി ഈടാക്കിയിരിക്കുന്നു. ആകെ നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | കെട്ടിട നം | നികുതി നിശ്ചയിച്ചതിലെ കുറവ് | നികുതി നിശ്ചയിച്ച കാലയളവ് | 2018-19 വരെയുള്ള നഷ്ടം |
|---|---|---|---|---|
| 1 | 13/633A1 to 13/633 H4 | 7098 | 16-17 IInd | 17745 |
| 2 | 8/256A | 3140 | 17-18 IInd | 4710 |
| 3 | 4/273 A | 217 | 17-18 IInd | 325 |
| 4 | 3/469, 3/469C, 3/469D | 2559 | 18-19 IInd | 1280 |
| 5 | 12/569 | 1980 | 17-18 Ist | 3960 |
| | ആകെ | | | 28020 |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക അടക്കം ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരൻ എടുത്ത മണ്ണിന്റെ വില കുറവു ചെയ്തില്ല -നഷ്ടം 6364/-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | MAHS -കൊങ്ങോത്ര റോഡ് ഇരുവശവും കാന നിർമ്മാണം-സമന്വയ നഗർ കാന നിർമ്മാണം |
| പ്രോജക്ട് നമ്പർ | S0180/18 |
| | |

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കൺവീനർ | K.A ജോയി |
| അളവുപുസ്തകം | MB242/17-18 |
| ചെലവു വിവരം | ബിൽനമ്പർ 7/26.0618 രൂപ 563600/-<br>ചെക്ക് നമ്പർ 0339915/17.04.18 രൂപ 77605/- |

നെടുമ്പാശ്ശേരി ഗ്രാമപഞ്ചയത്തിലെ 17-18 വർഷത്തെ MAHS -കൊങ്ങോത്ര റോഡ് ഇരുവശവും കാന നിർമ്മാണം-സമന്വയ നഗർ കാന നിർമ്മാണം എന്ന് പ്രവൃത്തിയിൽ കാന നിർമ്മാണത്തിനായി 37.80 m3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ലഭിച്ച മണ്ണ് പഞ്ചായത്ത് ഭൂമി ഫില്ലിംഗിനായി ഉപയോഗിച്ചതായി അളവു പുസ്തകം പേജ് 1 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 18.01.18 ലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ കത്തിൽ മേൽ വർക്ക് സൈറ്റിൽ നിന്നും 26.74m3 മണ്ണ് നീക്കം ചെയ്തതായി കാണുന്നുവെന്നും ഈ ഓഫീസിന്റെ അറിവോ സമ്മതമോ കൂടാതെയാണ് മണ്ണ് നീക്കം ചെയ്തിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരൻ എടുത്തതായി രേഖപ്പെടുത്തിയ മണ്ണിന്റെ വില കുറവു ചെയ്തില്ല.ഒന്നാം ഇനമായി മണ്ണ് കുഴിച്ചതിന് വില നൽകിയിട്ടുള്ളതിനാൽ കട്ടിംഗ് ചാർജ്ജ് ഉൾപ്പെടെയുള്ള തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. മണ്ണിന്റെ വിലയിനത്തിൽ കുറവു ചെയ്യേണ്ടുന്ന തുക - 26.74 m3 @ 238 =6364/- ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/27.12.19) കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-2 അളവ് രേഖപ്പെടുത്തിയതിലെ അപാകം അധികം നൽകാനിടയാക്കി - അധികം നൽകിയത് 13963-/-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അകപ്പറമ്പ് എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം |
| പ്രോജക്ട് നമ്പർ | S0157/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അളവുപുസ്തകം | MB 198/17-18 |
| കരാറുകാരൻ | പി.പി ജോസ് |

ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ അകപ്പറമ്പ് എൽ .പി.സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി ശ്രീ.പി.പി ജോസ് 17-11-17 ൽ കരാർ വെച്ച് സൈറ്റ് ഏറ്റെടിത്തിട്ടുണ്ട്.

കെട്ടിടത്തിന്റെ വരാന്തയിൽ വരുന്ന 3 കോളങ്ങൾ 1.95 മീറ്റർ ഉയരത്തിൽ നിർമ്മിച്ചതിന്റെ അളവ് ചുവടെ കൊടുക്കുന്നു.

3x0.30x0.30x1.95 = 0.527 m3

തുടർന്നുള്ള ഉയരം കോളം നിർമ്മിച്ചിരിക്കുന്നത് സിലിണ്ടറാകൃതിയിലാണ്. ഇതിന് രേഖപ്പെടുത്തിയിരിക്കുന്ന അളവ് ചുവടെ കൊടുക്കുന്നു.

ഇനം -7 RCC 1:1.5:3 --- 3x3.14x0.30x0.30x2.40 = 2.035 m3

( അ. പു .പേജ് - 15)

1.95 മീറ്റർ ഉയരത്തിൽ 30 cm നീളത്തിലും,30 cm വീതിയിലും നിർമ്മിച്ചിരിക്കുന്ന കോളത്തിന്റെ മുകളിൽ സിലിണ്ടറാകൃതിയിൽ കോളം നിർമ്മിക്കുമ്പോൾ വരുന്ന വ്യാസം 30 cm ആണ്. ഇതനുസരിച്ച് 2.40 മീറ്റർ കോളം നിർമ്മിക്കുമ്പോൾ വരുന്ന യഥാർത്ഥ അളവു ചുവടെ കൊടുക്കുന്നു.

RCC 1:1.5:3 --- 3x3.14x0.15x0.15x2.40 = 0.509 m3

അളവിൽ വന്ന വ്യത്യാസം --- 2.035 - 0.509 = 1.526m3

അധികം നൽകിയ തുക – 1.526@9150/m3 = 13963-/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/27.12.2019) കാൽക്കുലേഷനിൽ വന്ന അപാകതയാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ 13963/- കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

# 3-3 ടെണ്ടറിലും കരാറിലും കാണിച്ചിരിക്കുന്ന നിരക്കിനേക്കാൾ കൂടിയ നിരക്ക് റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ചു അധികം നൽകിയത് 10168/-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തോട്ടായിക്കുളം റോഡ് മെറ്റലിംഗ് & ടാറിംഗ് |
| പ്രോജക്ട് നമ്പർ | S0126/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കൺവീനർ | സിബി.കെ.പി |
| അളവുപുസ്തകം | 88/18-19 |
| ചെലവു വിവരം | ബിൽനമ്പർ 13/22-01-19 രൂപ 250000/- |

| | ചെക്ക് നമ്പർ 04044915/07-02-19 രൂപ 112925/- |
|---|---|

ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ തോട്ടായിക്കുളം റോഡ് മെറ്റലിംഗ് & ടാറിംഗ് പ്രവൃത്തിക്ക് 335365/- രൂപയ്ക്ക് 08-06-18 ൽ സാങ്കേതികാനുമതി ലഭിച്ചിരുന്നു.01-08-18 ൽ ടെണ്ടർ ചെയ്തതനുസരിച്ച് 08-08-18 ൽ എസ്റ്റിമേറ്റ് നിരക്കിനേക്കാളും 2.99% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (325436/-) ശ്രീ. കെ.പി. സിബിയാണ് കരാറുകാരൻ.പ്രോജക്ടിൽ അടങ്കൽ തുക 4.50ലക്ഷം രൂപ വകയിരുത്തിയിരുന്നതിനാൽ 12-12-18 ലെ 8(2) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചില ഇനങ്ങൾ ഒഴിവാക്കി ടാറിംഗും ടൈൽ വിരിക്കലും ഉൾപ്പെടുത്തി 4.50ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. താഴെപ്പറയുന്ന ഇനങ്ങൾ ടെണ്ടറിലും കരാറിലും കാണിച്ചിരിക്കുന്ന നിരക്കിനേക്കാൾ കൂടിയ നിരക്ക് റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അംഗീകരിച്ച് തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | ചെയ്ത അളവ് | ടെണ്ടറിലും കരാറിലും കാണിച്ചിരിക്കുന്ന നിരക്ക് | റിവൈസ്ഡ് എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന നിരക്ക് | നിരക്കിലെ വ്യത്യാസം | അധികം നൽകിയത് |
|---|---|---|---|---|---|
| Modified penetration macadum 50mm thick | 39.14 m2 | 272.92/m2 | 300.66/m2 | 27.74 | 1086 |
| Tack coat | 251,25m2 | 14.19/m2 | 16.85/m2 | 2.66 | 668 |
| 20mm open graded premix carpet | 251,25m2 | 172.20/m2 | 195.36/m2 | 23.16 | 5819 |
| Seal coat | 251,25m2 | 68.42/m2 | 78.75/m2 | 10.33 | 2595 |
| | | | | | 10168 |

അധികം നൽകിയ 10168/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/27.12.2019)കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1522975 | ലൈഫ് ഭവന പദ്ധതി | 1000000 | 522975 |
| | 2018-19 | 300000 | അംഗൻവാടി സ്ഥലം | 300000 | --- |
| ബ്ലോക്ക് | 2018-19 | 50000 | കിണർ ശുചീകരണ | 48483 | 1517 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3000000 | Sc ഹാൾ പുനരുദ്ധാരണം | --- | 3000000 |
| | 2018-19 | 600000 | ലൈഫ് ഭവന പദ്ധതി | 600000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 316217 | നെൽകൃഷി | 316217 | |
| | 2018-19 | 35800 | പാലിന് സബ്സിഡി | 35800 | |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ | | 2023000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 2023000 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 200000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 200000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

FD NO -042383000000001 /17-12-18 രൂപ 50 ലക്ഷം, EDCB, അത്താണി ബ്രാഞ്ച്

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 110526/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-1 | 61170 | ടി.കെ സന്തോഷ് , സെക്രട്ടറി | 118040106507/11-01-19 |
| 2017-18 | 3-2 | 48600 | ടി.കെ സന്തോഷ് , സെക്രട്ടറി | 118040106507/11-01-19 |
| 2015-16 | 2-1 | 750 | മാനേജർ , ഡാഷർ ഇന്ത്യ | 118040103759/06-08-18 |
| | | 110520 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2002-03 | 2-14 | 2006-07 | 3-29<br>4-23<br>39-4-3 | ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണം | പൂർത്തീകരണം ലഭിച്ചിട്ടുണ്ട് |
| 2011-12 പ്രവർത്തനക്ഷമത | | 2011-12 | 3-1(1)2 | കാർഷിക വിജ്ഞാന കേന്ദ്രം | ടച്ച്സ്ക്രീനും യോഗസ്ഥലവും ഉണ്ട്. |

| | | | | | |
|---|---|---|---|---|---|
| റിപ്പോർട്ട് | | | | | |
| 2013-14 പ്രവർത്തനക്ഷമത റിപ്പോർട്ട് | | 2013-14 | 5-2-4-14 | സർക്കാർ വിദ്യാലയങ്ങളിലെ കൊഴിഞ്ഞു പോക്ക് | പി.ടി. എ യുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ തീരുമാനിച്ച |

# 4-8. ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 104467385 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97247833 |
| വരവിനങ്ങളിലുള്ള നഷ്ടം | 28020 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30495 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2268000 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 28020 | | സന്തോഷ് ടി.കെ., സെക്രട്ടറി |
| 3-1 | | 6364 | സീജ കെ.കെ., അസി. എഞ്ചിനിയർ |
| 3-2 | | 13963 | സീജ കെ.കെ., അസി. എഞ്ചിനിയർ |
| 3-3 | | 10168 | സീജ കെ.കെ., അസി. എഞ്ചിനിയർ |
| | 28020 | 30495 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 2223000 | സന്തോഷ് ടി.കെ., സെക്രട്ടറി |
| 1-18 | 45000 | സന്തോഷ് ടി.കെ., സെക്രട്ടറി |

| | | |
|---|---|---|
| | | |
| | 2268000 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സന്തോഷ് ടി.കെ., സെക്രട്ടറി | സെക്രട്ടറി, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | തേറാമഠത്തിക്കുടി, മുടക്കുഴ പി.ഒ, എറണാകുളം |
| സീജ കെ.കെ., അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ, LSGD നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | പനഞ്ചിക്കൽ, കിടങ്ങൂർ പി.ഒ , അങ്കമാലി |

# 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ്.ഇ.(പി.1)585/98തീയതി 03-11-98 |
| 1999-2000 | എൽ എഫ്.ഇ.(പി.3)1357/2004തീയതി 29-11-07 |
| 2004-05 | എൽ എഫ്.ഇ.(പി.3) -1911/11 തീയതി 06-04-12 |
| 2006-07 | എൽ എഫ്.ഇ.(പി.3)- 542/12തീയതി05-06-12 |
| 2007-08 | എൽ എഫ്.ഇ.(പി.11)- 710/15തീയതി 09-06-15 |

| | |
|---|---|
| 2008-09 | എൽ എഫ്.ഇ.(പി.11)- 710/15തീയതി 09-06-15 |
| 2009-10 | എൽ എഫ്.ഇ.(പി.10)- 825/12തീയതി09-07-12 |
| 2010-11 | എൽ എഫ്.ഇ.(പി.11)- 1082/14തീയതി19-11-14 |
| 2011-12 | എൽ എഫ്.ഇ.(പി.11)- 1256/14തീയതി04-11-14 |
| 2013-14 & 2014-15 | കെ.എസ്.എ ഇ.കെ.എം.(പി.11)-1785/15/24-11-2015 |
| 2015-16 | കെ.എസ്.എ ഇ.കെ.എം. (പി.11)-1907/16/30-11-2016 |
| 2016-17 | കെ.എസ്.എ ഇ.കെ.എം. (പി.11)- 1965/17/12-10-17 |
| 2017-18 | കെ.എസ്.എ ഇ.കെ.എം. (പി.11)- 2329/18 /17.12.18/7.2.19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ സുലേഖ റിപ്പോർട്ട് പ്രകാരം 7464062/- രൂപയാണ് ചെലവ്. എന്നാൽ വാർഷിക കണക്കുകളിലെ 1-14(ഇ) ഹെഡിൽ 6757529/- രൂപയാണ് ചെലവ്. 706539/- രൂപയുടെ വ്യത്യാസം ഉണ്ട്.

4. വസ്തുനികുതി - റെസിഡൻഷ്യൽ ബിൽഡിംഗ് ഇനത്തിൽ തൻവർഷം മുൻകൂർ വരവ് 54083/-രൂപയാണ്. എന്നാൽ ഷെഡ്യൂൾ ബി-9 ൽ ബാധ്യതയായി കാണിച്ചിരിക്കുന്നത് 185773/-രൂപ.

5. ഷെഡ്യൂൾ I-18 ൽ ഉൾപ്പെടുത്തി വസ്തുനികുതി ഡിമാന്റ് ക്രമീകരിച്ചതിന് ഭരണസമിതിയുടെ അംഗീകാരമോ സെക്രട്ടറിയുടെ ഉത്തരവോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of NEDUMBASSERY Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of Nedumbassery Grama Panchayat for the year 2018-19 subject to the observations in the Annexure properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Abstract of Defects

The following irregularities were noted in the 2018-19 Annual Financial Statement

1. The DCB of Property tax in the AFS does not match with the SANCHAYA accounts.

2. Assets including land are not accounted properly and entered in the Asset Register and reconciled with the book values in the AFS.

3. As per the SULEKHA report , the expenditure under the head 'Maintenance Grand' is ₹7464062/-. But as per schedule I-14(e) the expenditure is ₹6757529/-. There is a difference of ₹706539/-.

4. The advance collection of Property Tax – residential buildings is ₹54083/-. But the liability shown in the B-9 schedule is ₹185773/-.

5. Committee Resolution or an Order of the Secretary was not made available for the adjustments made in the Demand for Property Tax in the I-18 schedule.

DEPUTY DIRECTOR